പക്ഷിരോഗ നിർണ്ണയ ലബോറട്ടറികൾ

50 (225) പ്രൊഫ. കെ. വി. തോമസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. മുഡി മുയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിരോഗ നിർണ്ണയ ലബോറട്ടറികൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ദേശാടന പക്ഷികളെത്തുന്ന ഏതെല്ലാം സ്ഥലങ്ങളിൽ പക്ഷിപ്പനി സംബന്ധിച്ച പരിശോധനകൾ നടത്തി എന്ന് പറയുമോ;

(സി) ഈ സങ്കേതങ്ങളിൽ എത്ര പ്രാവശ്യം വീതം പരിശോധന നടത്തി എന്ന് വ്യക്തമാക്കാമോ;

(ഡി) മാംസത്തിനുവേണ്ടി വളർത്തുന്ന കോഴി, താറാവ്, കാട, പന്നി, മുയൽ എന്നിവയെ വളർത്തുന്ന ഫാമുകളിൽ പക്ഷിപ്പനി പരിശോധന നടത്തുന്നുണ്ടോ;

(ഇ) എങ്കിൽ ഇതുവരെ എത്ര ഫാമുകളിൽ ഈ പരിശോധന നടത്തി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തിരുവല്ലയിൽ ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയും തിരുവനന്തപുരം, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ മൂന്ന് റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറികളിലും മറ്റ് 14 ജില്ലാ ലബോറട്ടറികളിലും പക്ഷിരോഗ നിർണ്ണയ സൗകര്യമുണ്ട്.

(ബി) 8 സ്ഥലങ്ങളിൽ.

1. ആക്കുളം, വേളി (തിരുവനന്തപുരം)
2. കാടാച്ചിറ, അഷ്ടമുടി, ശാസ്താംകോട്ട (കൊല്ലം)
3. വേമ്പനാട് തടാകം (ആലപ്പുഴ, കോട്ടയം, എറണാകുളം)
4. തട്ടേക്കാട് പക്ഷി സങ്കേത കേന്ദ്രം (എറണാകുളം)
5. കോൾ നിലങ്ങൾ (തൃശ്ശൂർ, മലപ്പുറം)
6. പുറത്തൂർ (മലപ്പുറം)
7. കടലുണ്ടി (കോഴിക്കോട്)
8. കുറ്റംപള്ളി & മടക്കര (കണ്ണൂർ)

(സി) രണ്ട് പ്രാവശ്യം.

(ഡി) ഉണ്ട്.

(ഇ) ഇരുപത്.

LIBRARY ARCHIVES Kerala Legislative Assembly